"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല – പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി.ആർ. ധനപാലനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2913/2022/LSGD തീയതി,തിരുവനന്തപുരം, 25-11-2022

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08/12/2012 ലെ E9 (Qv8/2012/PKD) 16448/2012. നമ്പർ കത്ത്.
2. സർക്കാരിന്റെ 08.07.2021-ലെ 109/EPB3/2019/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. സി.ആർ. ധനപാലൻ 30/08/2021 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക.
4. പഞ്ചായത്ത് ഡയറക്ടറുടെ 05.11.2022ലെ PAN/3441/2020-D10(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ.സി.ആർ.ധനപാലൻ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയി സേവനമനുഷ്ഠിക്കവെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 4-ൽ സുലൈമാൻ റാവുത്തർ വീട് മുതൽ ഓട്ടകുന്ന് ഓവ് വരെയുള്ള റോഡ് നിർമ്മാണം നടത്തിയതിലെ ക്രമക്കേടുകൾ കാരണം 5,84,894/- രൂപയുടെ നഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് VC 16/12/PKD നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം (1) ശുപാർശ പ്രകാരം സർക്കാർ ടിയാനെ സേവനത്തിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും 10.02.2014 സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സർക്കാർ ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. VC 16/12/PKD നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയായതായും ശ്രീ. സി.ആർ ധനപാലനെതിരെ പ്രോസിക്യൂഷൻ അനുമതി നൽകണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും ടിയാനെതിരെ പ്രോസിക്യൂഷൻ അനുമതി നൽകിയിരുന്നു

ശ്രീ. സി. ആർ. ധനപാലനെതിരെ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്ന് കുറ്റാരോപണമെമ്മോ നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു എന്നും എന്നാൽ വിജിലൻസ് കേസ് തീർപ്പാക്കിയിട്ടില്ലാത്തതിനാലും ടിയാൻ 31.05.2018-ന് സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും ടിയാനെതിരെ കെ.സി.എസ് (സി.സി.എ) ചട്ടങ്ങൾ പ്രകാരം തുടർന്നുവന്നിരുന്ന പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലെ അച്ചടക്കനടപടികൾ തീർപ്പാക്കിയും KSR part III Rule 3 പ്രകാരം ടിയാനെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്തുകൊണ്ടും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയതിനാൽ ടിയാന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപവും അധികാര ദുർവിനിയോഗവും ചട്ടലംഘനവും കണക്കിലെടുത്ത് പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപാ വീതം 5

വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് KSR പാർട്ട് III റൂൾ 3(a) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (3) പ്രകാരം ശ്രീ. സി.ആർ ധനപാലൻ സമർപ്പിച്ച മറുപടിയ്ക്ക് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ഖണ്ഡിക തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി.ആർ. ധനപാലനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.സി.ആർ.ധനപാലനെതിരായ ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
   (പരാമർശം (1) മുതൽ (4) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം).
2. ശ്രീ. സി.ആർ. ധനപാലൻ, മുൻ സെക്രട്ടറി, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് *(പഞ്ചായത്ത് ഡയറക്ടർ മുഖേന).*
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഫയൽ നം.ഇപിബി3/109/2019/തസ്വഭവ).*

ഉത്തരവിൻ പ്രകാരം
Signed by Noushad M
Date: 25-11-2022 11:09:43
സെക്ഷൻ ഓഫീസർ